**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ് - പന്ത്രണ്ടാം പഞ്ചവത്സര പദ്ധതി (2012-17)-ആസൂത്രണ മാർഗ്ഗരേഖയും സബ്സിഡി മാർഗ്ഗരേഖയും കൂടുതൽ ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് പരിഷ്കരിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഡി.എ) വകുപ്പ്**

സ.ഉ(സാധാ)നം.697/2017/തസ്വഭവ തീയതി, തിരുവനന്തപുരം 14.03.2017.

പരാമർശം :-1) സ.ഉ(എം.എസ്)നം.04/2016/തസ്വഭവ തീയതി 11.01.2016.

2)01.03.2017 ൽ നടന്ന വികേന്ദ്രീകൃതാസൂത്രണ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ പൊതു വിഷയ തീരുമാനം നമ്പർ 3,9,10,12,13.

## ഉത്തരവ്

പരാമർശം (2) ലെ സംസ്ഥാനതല കോ-ഓർഡിനേഷൻ സമിതിയുടെ തീരുമാനത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (1) ഉത്തരവിൽ ചുവടെ ചേർത്തിട്ടുള്ള ഉൾപ്പെടുത്തലുകൾ അംഗീകരിച്ച് ഉത്തരവാകുന്നു.

- ഗ്രാമപഞ്ചായത്തുകൾക്കും നഗരസഭകൾക്കും മഴമറ നിർമ്മിക്കുന്നതിന് ച. മീറ്ററിന് 500/- രൂപ എന്ന നിരക്കിൽ ധനസഹായം നൽകാവുന്നതാണ്. പരമാവധി 25,000/- രൂപയിൽ പരിമിതപ്പെടുത്തണം. കുറഞ്ഞത് 10 സ്ക്വയർ മീറ്ററെങ്കിലും ഉണ്ടായിരിക്കണം.

- പട്ടികജാതി വിദ്യാർത്ഥികൾക്ക് പഠനമുറി നിർമ്മിക്കുന്നതിനുള്ള ധനസഹായം എസ്റ്റിമേറ്റിന്റെ അടിസ്ഥാനത്തിൽ 50 ശതമാനം മുൻകൂറായി നൽകാമെന്ന് മുൻ കോഓർഡിനേഷൻ കമ്മിറ്റി തീരുമാനിച്ചിരുന്നു. അവസാന ഗഡു ഓവർസീയർ പരിശോധിച്ച് നടത്തുന്ന മൂല്യനിർണ്ണയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.

- ഉൾനാടൻ മത്സ്യമേഖലയുമായി ബന്ധപ്പെട്ട് മാർഗരേഖയിൽ മത്സ്യ ബന്ധനത്തിനുള്ള വല നൽകുന്നതിന് പരമാവധി സബ്സിഡി തുക 2000/- രൂപയായി പട്ടികജാതി/പട്ടികവർഗക്കാർക്ക് മാത്രമായി പരിമിതപ്പെടുത്തിയത് ജനറൽ വിഭാഗത്തിനു കൂടി നൽകാവുന്നതാണ്.

- പട്ടികജാതി പട്ടികവർഗ്ഗക്കാർക്ക് വീടുകളുടെ വയറിംഗ് നടത്തുന്നതിന് അനുവദനീയമായ സംബ്സിഡി തുകയായ 5000 രൂപ ഡെപ്പോസിറ്റായി അടവാക്കുന്ന പക്ഷം കെ.എസ്.ഇ.ബി. വയറിംഗ് പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട് മേൽ സാഹചര്യത്തിൽ, പ്രസ്തുത തുക ഡെപ്പോസിറ്റായി കെ.എസ്.ഇ.ബി.യ്ക്ക് അടയ്ക്കുന്നതിന് അനുമതി നൽകുന്നു.

- ജലനിധി പദ്ധതിയുടെ പഞ്ചായത്തുകളിൽ ജലനിധിയുടെ പരിധിയിൽ വരാത്ത പ്രദേശങ്ങളിൽ ശുദ്ധജലവിതരണ പദ്ധതികൾ, പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് ഏറ്റെടുത്ത് നടത്താവുന്നതാണ്.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം**
**എ.കെ.മോഹനകുമാർ**
**ഗവ.ജോയിന്റ് സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം

മറുപുറം...